"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുന്നതിനായി അംഗങ്ങളെയും പിന്തുണാ സംവിധാനത്തിൽ നിയോഗിക്കേണ്ടവരെയും കണ്ടെത്തുന്നതിന് അന്വേഷണ സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1171/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/06/2021

പരാമർശം:- 1 14.05.2007-ലെ സ.ഉ.(എം.എസ്.)നം.128/2007/തസ്വഭവ

2 29.09.2016-ലെ സ.ഉ.(എം.എസ്.)നം.139/2016/തസ്വഭവ

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവ്വഹണ പ്രവർത്തനങ്ങൾക്ക് സംഘടനാപരവും സഹായകരവുമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതിന് വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥരേയും ഇതര വിഭാഗത്തിലെ വിദഗ്ധരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാന തല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, അപ്രകാരം ഒരു സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ പുനഃസംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

2. 2022-23 വർഷം മുതൽ പതിനാലാം പദ്ധതി മുന്നൊരുക്ക പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. ആയതിന് കൃത്യമായ വിവരവ്യൂഹത്തിന്റെയും നയത്തിന്റെയും അടിസ്ഥാനത്തിൽ വിവരവ്യൂഹ വിശകലനവും, നാളിതു വരെയുള്ള പ്രവർത്തന വിശകലനവും നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ ആരംഭിക്കേണ്ടതുമുണ്ട്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം നിലവിലുള്ള സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, ഡോക്യുമെന്റേഷൻ, വിവരവ്യൂഹ മാനേജ്മെന്റ് വിശകലനം എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പുനഃ സംഘടിപ്പിക്കുന്നതിനായി, അതിലേയ്ക്ക് യോഗ്യരായ അംഗങ്ങളേയും പിന്തുണാ സംവിധാനത്തിൽ നിയോഗിക്കേണ്ടവരേയും കണ്ടെത്തുന്നതിന് ചുവടെയുള്ളവരെ ഉൾപ്പെടുത്തി അന്വേഷണ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

- സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
- ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
- ഡയറക്ടർ ജനറൽ, കില

3. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെ പുനഃ സംഘടിത രൂപഘടന **അനുബന്ധ**മായി ചേർത്തിട്ടുണ്ട്. പ്രസ്തുത രൂപഘടനയ്ക്ക് അനുസൃതമായി അംഗങ്ങളെ കണ്ടെത്തി രണ്ടാഴ്ചയ്ക്കകം

അന്വേഷണ സമിതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

അംഗങ്ങളുടെയും പിന്തുണാ സംവിധാനത്തിലുള്ളവരുടെയും ഹോണറേറിയം തുക സംബന്ധിച്ച വിവരങ്ങളും ടി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ ജനറൽ, കില
ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 18-06-2021 11:24:47
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

**അനുബന്ധം**

സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെ പുനഃ സംഘടിത രൂപഘടന

1. സംസ്ഥാന ആസൂത്രണ ബോർഡ് - 2 അംഗങ്ങൾ
2. ധനകാര്യ വകുപ്പ് - 1 അംഗം
3. പഞ്ചായത്ത് വകുപ്പ് - 2 അംഗങ്ങൾ
4. ഗ്രാമവികസന വകുപ്പ് - 1 അംഗം
5. നഗരകാര്യ വകുപ്പ് - 1 അംഗം
6. ചീഫ് ടൗൺ പ്ലാനർ (പ്രതിനിധി) - 1 അംഗം
7. എഞ്ചിനീയറിംഗ് വിഭാഗം - 1 അംഗം
8. കുടുംബശ്രീ - 1 അംഗം
9. കില - 1 അംഗം
10. ഐ.കെ.എം. - 1 അംഗം
11. മേഖലാ വിദഗ്ധൻ - 3 അംഗങ്ങൾ ( കാർഷിക - ഉപജീവന മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവർ)
12. തദ്ദേശ സ്വയംഭരണ വകുപ്പ് അസോസിയേഷൻ പ്രതിനിധികൾ- 5 അംഗങ്ങൾ ( 5 അസോസിയേഷനിൽ നിന്നും ഒരാൾ വീതം)
13. പിന്തുണാ സംവിധാനം - 5 പേർ (കണ്ടന്റ് എഡിറ്റർ - 1, ഗ്രാഫിക് ഡിസൈനർ - 1, വീഡിയോ എഡിറ്റർ - 1, ഡാറ്റാ മാനേജ്മെന്റ് അസിസ്റ്റന്റ് - 1, ഡാറ്റാ അനാലിസിസ് അസിസ്റ്റന്റ് - 1)